# പതിമൂന്നാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിട്ട<br>ചോദ്യം നമ്പർ.245 | 19.02.2016-ൽ<br>മറുപടിക്ക് |

## ആധാരം രജിസ്ട്രേഷൻ

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി**<br>**ശ്രീ.റ്റി.എ.അഹമ്മദ് കബീർ**<br>**ശ്രീ.കെ.എം.ഷാജി**<br>**ശ്രീ.പി.കെ.ബഷീർ** | **ശ്രീ.അനൂപ് ജേക്കബ്**<br>**(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| എ) സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസ് എന്നിവ ബാങ്ക് അക്കൗണ്ട് മുഖേന ട്രഷറിയിലടയ്ക്കുന്ന സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | എ) സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസ് എന്നിവ ബാങ്ക് അക്കൗണ്ട് മുഖേന ട്രഷറിയിൽ അടയ്ക്കുന്ന സംവിധാനം ഏർപ്പെടുത്തിയിട്ടില്ല. |
| ബി) സ്റ്റാമ്പ് ഡ്യൂട്ടി ഉയർത്തിയതും, മാർക്കറ്റ് വിലയുമായി താരതമ്യം ചെയ്യാതെ ഭൂമിയുടെ ന്യായവില അമ്പതു ശതമാനം വർദ്ധിപ്പിച്ചതും രജിസ്ട്രേഷൻ വരുമാനത്തെ പ്രതികൂലമായി ബാധിക്കുന്നുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യം പരിശോധിക്കുമോ? | ബി) തീറാധാരങ്ങളുടെ സ്റ്റാമ്പ് ഡ്യൂട്ടി നിരക്കുകൾ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ പ്രദേശങ്ങളിൽ യഥാക്രമം 5%, 6%, 7% എന്നിങ്ങനെ ആയിരുന്നത് 2014-ലെ കേരള ധനകാര്യ ആക്റ്റ് പ്രകാരം 6% ആയി ഏകീകരിക്കുകയാണുണ്ടായത്. സ്റ്റാമ്പ് ഡ്യൂട്ടി ഏകീകരിച്ചതും 14.11.2014-ലെ ജി.ഒ.(പി)188/14/നിവ നമ്പർ ഉത്തരവ് പ്രകാരം ഭൂമിയുടെ ന്യായവിലയിൽ 50% വർദ്ധനവ് വരുത്തിയതും, റവന്യൂ വരുമാനത്തെ പ്രതികൂലമായി ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

**സെക്ഷൻ ഓഫീസർ**